
waves
DIGITAL MAGAZINE
CHMKMHSS KAVANUR

## ഉള്ളടക്കം

1 . കവർ പേജ്
2 . ഉള്ളടക്കം
3 . ആമുഖം
4 . കൃഷിമറിക്കുന്ന കർഷകനും
5 . അഗ്നി ചിറകുകൾ
6 . ലഹരിയിൽ മുങ്ങുന്നകേരളം
7 . ഓണം വരവായ്
8 . സ്ക്കൂൾ വിശേഷങ്ങൾ
9 . പൂജ്യത്തിൻെറ കഥ
10. വിശേഷ ചിത്രങ്ങൾ
11 . ജലതാണ്ഠവം
12. വിവേകാന്ദൻ നവയുഗശിൽപി
13. എൻേറ ഭാഷ

സി എച്ച് എം കെ എം എച്ച് എസ്സി ലെ ഡിജിറ്റൽ  മാഗസിനിലേക്ക്
ആ വശ്യമായ സൃഷ്ടികൾ നൽകിയ എല്ലാവർക്കും , അതോടൊപ്പം
ഇതിനു  പിന്നിൽ പ്രവർത്തിച്ച ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും , വേണ്ട
നിർദേശങ്ങൾ നൽകിയ അധ്യാപകർക്കും  പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

അർഷദ്   ചീഫ് എഡിറ്റർ

## കൃഷി മരിക്കുന്നു കർഷകനും

പ്രിയമുള്ള കൂട്ടുകാരെ,

നാം ഇന്ന് നേരിടുന്ന പ്രശ്നങ്ങളാണല്ലോ കൃഷിനഷ്ടം. ഞാൻ ഇതിനെകുറിച്ച് നിങ്ങളോട് സംസാരിക്കാൻ കരുതുന്നു. നമ്മുടെ നാട്ടിൽ എത്രയോ പാടം നികത്തി കൂറ്റൻ കെട്ടിടങ്ങളും വലിയ വീടുകളും ഒക്കെ ഉണ്ടാക്കുന്നു. ഇതെല്ലാം എന്തിന് വേണ്ടിയാണ്.പാടം നികത്തിയാൽ എങ്ങനെ കർഷകർ കൃഷി ചെയ്യും ഇങ്ങനെയുള്ള ചോദ്യങ്ങൾ ചോദിച്ചാൽ മനുഷ്യർ പറയുന്ന മറുപടി ഇങ്ങനെയായിരിക്കും "അവരെങ്ങനെയെങ്കിലും ജീവിച്ചോട്ടെ ". മനുഷ്യർ ഈ മറുപടി പറയുമ്പോൾ ഒന്ന് ചിന്തിക്കണ്ടെ അവർ വലിയ വീട്ടിൽ ഇരിക്കുമ്പോൾ കർഷകർ ഓരോ ദിവസവും പട്ടിണി കിടക്കുന്നു. ആ പാടം നികത്തിയില്ലായിരുവെനങ്കിൽ ഇന്ന് എല്ലാവർക്കും ഭക്ഷിക്കാനുള്ള അരി കേരളത്തിൽ നിന്ന് തന്നെ കിട്ടും. മനുഷ്യർ വലിയ ഫാക്ടറികളെല്ലാം തുടങ്ങിയാൽ മനുഷ്യർക്ക് തന്നെയായിരിക്കും ദോഷം. നാം ദോഷം വരുത്തുന്നതിനെക്കാൾ നല്ലത് ദോഷം വരാതെ സൂക്ഷിക്കുകയല്ലെ ? ഇതിനെ തുടർന്ന് വായുമലിനീകരണം , ജല മലിനീകരണം എന്നിവയെല്ലാം ഉണ്ടാവും.

"കൃഷിനഷ്ടം കുടുംബം കടക്കെണിയിൽ". ഇങ്ങനെയെല്ലാം ദിവസവും പത്രത്തിൽ വരുന്നതാണ് . പാടത്തെല്ലാം വീട് വച്ചാൽ കർഷകർ എവിടെ ജോലി ചെയ്യും ?

നമുക്ക് എല്ലാവർക്കും ജീവിക്കണ്ടെ? എല്ലാവർക്കും സർക്കാർ ജോലിയല്ലല്ലോ? കൃഷിയില്ലാതെയാകുമ്പോൾ കർഷകർ എവിടെ നിന്നെങ്കിലും കടം വാങ്ങും . പക്ഷെ അവരുടെ സ്ഥിതി വീണ്ടും ഇങ്ങനെ തന്നെയല്ലെ ........ അങ്ങനെ അവർ കടം കോണ്ട് ബുദ്ധിമുട്ടുമ്പോൾ ആത്മഹത്യ ചെയ്യും . കർഷകർക്ക് വേണ്ടി നാം സേവനം ചെയ്യണം ഇവർ ഉണ്ടാക്കിയിട്ടെങ്കിലും നമുക്ക് ജീവിക്കാം . ഇനി ഞാൻ കൂടുതൽ നീട്ടിക്കൊണ്ടുപോകുന്നില്ല.

ജയ്ഹിന്ദ്

**നവനീത് .പത്ത് എ**

# അഗ്നിച്ചിറകുകൾ

എ.പി.ജെ.അബ്ദുൽ കലാം



മിസൈൽ ടെക്നോളജി വിദഗ്ധനായ ഇന്ത്യൻ ശാസ്ത്രജ്ഞൻ എ.പി.ജൈ.അബ്ദുൽ കലാമിന്റെ ആത്മകഥയാണിത്.
പ്രതിരോധ ശാസ്ത്രജ്ഞനെന്ന നിലയിൽ ഇന്ത്യയുടെ പരമോന്ന ബഹുമതിയായ ഭാരതരത്നം ലഭിച്ച സമാനതകളില്ലാത്ത വ്യക്തിത്വത്തിന് ഉടമയാണ് അബ്ദുൽ കലാം. അദ്ദേഹത്തിന്റെ വ്യക്തിപരവും ഔദ്യോഗികവുമായ ഉയർച്ചയുടെയും നിസ്തുലമായ സേവനങ്ങളുടെയും കഥ പറയുന്നതിനോടപ്പം നമ്മുടെ രാജ്യത്തെ അന്താരാഷ്ട്ര നിലവാരമുള്ള ഒരു മിസൈൽ ശക്തിയുടെ തലത്തിലേക്ക് ഉയർത്തിയ അഗ്നി,പൃഥ്വി,ആകാശ്,ത്രിശൂൽ എന്നീ മിസൈലുകളുടെ രൂപകൽപ്പന,നിർമാണം,വിക്ഷേപണം എന്നീ വിവിത ഘട്ടങ്ങളെ കുറിച്ച് തികച്ചും ആധികാരികവും വിജ്ഞാന പ്രദവുമായി വിവരിച്ചിരിക്കുന്നു. അബ്ദുൽ കലാം ഏറെ മമത പുലർത്തിയിരുന്ന അദ്ദേഹം പ്രാതിനിധ്യം വഹിക്കുന്ന, സാധാരണക്കാരുടെ സമൂഹത്തിന് ഉത്തേജനവും ആത്മവിശ്വാസവും പകരും വിധം അദ്ദേഹത്തിന്റെ ഉയർത്തെഴുന്നേൽപ്പിന്റെ ചരിത്രം ആലേഖനം ചെയ്തിരിക്കുന്നു ഈ കൃതിയിൽ.

## ലഹരിയിൽ  മുങ്ങുന്ന കേരളം

യുവതലമുറയിൽ  കണ്ടുവരുന്ന ഒരു ദുശ്ശീലമാണ് പുകവലി. ഒരു പക്ഷേ എല്ലാം തുടങ്ങുന്നത് പുകവലിയിൽ  നിന്നാണ്.പുകയിലയിൽ അടങ്ങിയിരിക്കുന്ന നിക്കോട്ടിൻ എന്ന വിഷവസ്തുവാണ് നമ്മെ വീണ്ടും പു വലിക്കാൻ പ്രേരിപ്പിക്കുന്നത്. ഇരുപത് സിഗരറ്റ് അടങ്ങിയിരിക്കുന്ന  നിക്കോട്ടിൻ  ശേഖരിച്ച് കഴിച്ചാൽ  മരണം സുനിശ്ചിതം.

പുകവലിക്കുന്നതു മൂലം അവർക്ക് മാത്രമല്ല മറ്റുള്ളവർക്കും അതിന്റെ അനന്തരഫലങ്ങൾ അനുഭവിക്കേണ്ടി വരും.പുകലിയിൽ നിന്ന് പിന്നീട് മദ്യമായി തീരുന്നു.
മദ്യം കഴിച്ചാൽ താൻ വലിയ ആളായി എന്ന മനോഭാവം ഇന്നത്തെ യുവതലമുറയിൽ കണ്ടുവരുന്നു.ഇന്നത്തെ തലമുറ കഞ്ചാവിന്റെയും മയക്കു മരുന്നിന്റെയും ലോകത്തിലേക്ക് നീങ്ങുന്നു

മയക്കു മരുന്നിന്റെ ഉപയോഗം മനുഷ്യനിൽ വളരെയധികം മാറ്റം വരുത്തിയിട്ടുണ്ട്.ഇതുമൂലം ദയ,നീതി,ഔദാര്യം,ത്യാഗം,വിശ്വാസം എന്നീ ഗുണങ്ങൾ മനുഷ്യലിൽ  ബാക്കിയുണ്ടോ  എന്ന് സംശയമാണ്.പ്രതിരോധമാണ് ചികിത്സയേക്കാൾ ഉത്തമം എന്ന ചൊല്ലിന്റ അർത്ഥം,രോഗം വരുന്നതിന്  മുൻപ് രോഗം വരാതെ സൂക്ഷിക്കണമെന്ന് പറയുന്നത് എത്ര ശരിയാണ്.

ലഹരി പദാർത്ഥത്തിന്  അടിമപ്പെട്ടവരെ അതിന്റെ  ദൂഷ്യ ഫലങ്ങൾ  ബോധ്യപ്പെടുത്തി  അവരെ ചികിത്സയിലൂടെ നിത്യ ജീവിതത്തിലേക്ക് കൊണ്ടുവരാൻ  ശ്രമിക്കേണ്ടത് നമ്മുടെ ചുമതലയാണെന്ന സത്യം നാം മനസ്സിലാക്കണം.

ഭദ്രവും കുളിർമയും സുഖദായകവും നിറഞ്ഞ ഓർമകൾ മാത്രമുണര്ത്തുന്ന ഐശ്വര്യദായകമായ  ലഹരി വിമുക്തമായ ഒരു നാട് നമുക്കൊന്നു കെട്ടി പടുക്കാം.



## ഓണം വരവായ്

ഓണം വന്നു ഓണം വന്നു ഓണം വന്നു
മാമലനാട്ടിലും കേരളനാട്ടിലും ഓണം വന്നു
കുന്നിൻ ചരവിലും കാടുകളിലും പൂക്കൾ വിരിഞ്ഞു
എല്ലാ മുറ്റെത്തും പൂക്കളം ഒരുങ്ങി

മാവേലിയപ്പണ കാണാൻ കൊതിയായി
ഓണപാട്ടുകൾ പാടാൻ തുടങ്ങി
സദ്യവട്ടങ്ങൾ ഒരുങ്ങിയല്ലോ
മുറ്റത്ത് പൂക്കൾ നിറഞ്ഞുവല്ലോ
കുന്നികളിലെ പൂക്കൾ കണ്ണു തുറന്നു
ടി.വിയെന്ന യന്ത്രത്തിലൂടെ കുട്ടികൾ
മാവേലിയപ്പനെ കാണുന്നു
ഓണാഘോഷം വന്നുവല്ലൂ
ഓണം വന്നു ഓണം വന്നു ഓണം വന്നു

പൂക്കളമൊരുക്കണം പൂക്കളതീർക്കണം
ഓണക്കളികൾ പലതും കളിക്കോണം
ഓണപ്പാട്ടുകൾ പലതും പാടേണം
ഓണം വന്നു ഓണം വന്നു ഓണം വന്നു

ഹണി ഒൻപത് ഡി

ഓഗസ്ററ് 15
ഞങ്ങളുടെ ഹെഡ്മാസ്റ്റർ പതാക
ഉയർത്തുന്നു........







## പൂജ്യത്തിന്റെ കഥ

മനുഷ്യന്റെ ഏറ്റവും പ്രധാനപെട്ട കാൽവെയ്പ്പാണ് പൂജ്യം നടത്തുന്ന ദശാംഗ സമ്പ്രദായത്തിന്റെ വികാസനം. ഗണിതശാസ്ത്ര ചരിത്രത്തിലെ ഏറെ തിളക്കമാർന്ന കണ്ടെത്തലുകളിൽ ഒന്നാണ് .

പൂജ്യം. പൂജ്ഞത്തിന്റെ ഉപജ്ഞ്ഞാതാവ് ആരാണെന്ന് കൃത്യമായി അറിയില്ലെങ്കിലും ദാരതത്തിൽ നിന്നാണ് ഈ സമ്പ്രദായത്തിന്റെ ഉത്ഭവം എന്നത് ലോകം മുഴുവൻ അംഗീകരിച്ച വസ്തുതയാണ്.

പൂജ്യം രേഖപ്പെടുത്തിയ അനേകം ലിഖിതങ്ങൾ ഇന്ത്യയുടെ പലദാഗങ്ങളിൽ നിന്നും കണ്ടെടുത്തിട്ടുണ്ട്. അതിൽ ഏറ്റവും പഴക്കമേറിയത് വടക്കുപടിഞ്ഞാറെ ഇന്ത്യയിലെ ദാഷ പൂജ്യത്തെ ഒരു കുത്തുകൊണ്ടാണ് ഇതിൽ സൂചിപ്പിച്ചിരിക്കുന്നത്. ആദ്യകാലത്ത് ഒരു ബിന്ദുമത്രമാണ് പൂജ്യത്തെ സൂചിപ്പിക്കാനുപയോഗിച്ചത് പിന്നീട് വ്യക്തതയ്ക്കു വേണ്ടി അതിനു

ചുറ്റും ഒരു വൃത്തം വരയ്ക്കാൻ തുടങ്ങി. കാലക്രമത്തിൽ ബിന്ദു അപ്രത്യക്ഷമാവുകയും പൂജ്യത്തിൻെറ ചിഹ്നമായി വൃത്തം അവശേഷിക്കുകയും ചെയ്തു.

ഫാത്തിമ റിൻഷ .പത്ത് ബി

## ഈ വർഷത്തെ ഫുട്ബോൾ ടീം



## മലയാളത്തിളക്കത്തിൽ നിന്ന്



## ഉപജില്ലയിലെത്തിളക്കം



## ജലതാണ്ഡവം



കേരള നാടിനെ
പ്രളയം പരീക്ഷിച്ചത്
രൗദ്ര ഭാവത്തിലായിരുന്നു.
ജലമെന്ന് കേൾക്കുമ്പോൾ
ആനന്ദം കൊണ്ടവർ
ജലമെന്ന് കേൾക്കുമ്പോൾ
ഭയന്നിടുന്നു.
ദരിദ്രനും ധനികനും
ഒന്നായ് നിന്നിന്ന്
അന്നം വരുന്നതും കാത്തിടുന്നു
നാഥനെ ഓർക്കുവാൻ
നാഥനിൽ നിന്നുള്ള
മാനവരഞ്ജും
പരീക്ഷണവും
നീണാൾ നീണ്ട് നിൽക്കും
രാജാധപത്യം പോൽ
ഓർക്കപ്പെടുമിത്
എന്നുമെന്നും
പാഠംപഠിപ്പിക്കും
പ്രളയമായിത് മാറിടട്ടെ

## സ്വാമിവിവേകാനന്ദൻ നവയുഗശിൽപി



പി പരമേശ്വരനാണ് "നവയുഗശിൽപി

" എന്ന കൃതി എഴുതിയത്. സ്വാമി വിവേകാനന്ദന്റെ ജന്മദിനത്തിന്റെ ഒരു ഭാഗമായിട്ടാണ് പരമേശ്വരൻ ഈ കൃതി രചിച്ചത്. "ഭാരതമേ ഉണരൂ...ലോകത്തെ പ്രബുദ്ധമാക്കു..".വിവേകാനന്ദന്റെ ഈ സന്ദേശം പുതുതലമുറക്ക് ഉണർത്തുപാട്ടായി തീരുമെന്ന് പരമേശ്വരന് ഉറപ്പുണ്ട്.സത്യത്തിന്റെയും *നവോത്ഥാനത്തിന്റെയും* മറ്റും കുറിച്ചാണ് ഈ കഥയിൽ പറയുന്നത്. കുട്ടികാലം തൊട്ട് താൻ *മുതിർന്ന്* വലിയ ഒരാളായവരെ സത്യത്തെ പറ്റി അന്വേഷിച്ച് നടന്ന ഒരു ചെറുകഥയാണിത്.

## എന്റെ ഭാഷ



നമ്മുടെ ഭാഷ എത്ര മഹനീയം. തമിഴ്,കന്നട,തെലുങ്ക്,തുളു തുടങ്ങിയ ഭാഷകൾ അടങ്ങുന്ന ദ്രാവിഡ ഭാഷാഗോത്രത്തിൽ ഉൾപ്പെടുന്നതാണ് മലയാളം. മലയാളമെന്നത് ദേശനാമം മാത്രമായിണെന്നും മലയാള നാട്ടിലെ ഭാഷ എന്ന അർത്ഥത്തിലാണ് മലയാള ഭാഷ എന്ന് പറയുന്നതെന്നും കേരള പാണിനീയത്തിൽ എ.ആർ രാജ്ഞവർമ്മ ചൂണ്ടിക്കാട്ടുന്നു .ആധുനിക മലയാളത്തിന്റെ ആവിർഭാവത്തോടെയാണ് ദേശനാമം തന്നെ ഭാഷയ്ക്കും ഉപയോഗിക്കാൻ തുടങ്ങിയതെന്നും അദ്ദേഹം പറയുന്നു. നമ്മുടെ ഭാഷയ്ക്ക് മലയാളം എന്ന പേര് ഉറച്ചത് 19 ാം നൂറ്റാണ്ടിലാണെന്നാണ് പണ്ഡിതവാദം. നൂറ്റാണ്ടുകളുടെ പഴക്കവും തഴക്കവുമുള്ള മലയാള ഭാഷയക്ക് ശ്രേഷ്ഠപദവി ലഭിച്ചത് ഏറെ അഭിമാനത്തോടെയാണ് കേരളം കൊണ്ടാടിയത്. ഭാരതീയ ഭാഷകളിൽ എന്ത് കൊണ്ടും ഉന്നത സ്ഥാനത്ത് തന്നെ നമ്മുടെ മലയാളം സാഹിത്യ മേഖലകളിൽ മലയാളത്തിന്റെ നേട്ടം ഏറെ വലുതാണ്.പഠിക്കാൻ ഏറ്റവും പാടുപെട്ട ഭാഷയാണ് മലയാളം.

സാലിമ .ഒൻപത് ബി